# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3145 21.06.2013-ലെ മറുപടിയ്ക്ക്

## ത്രിതല പഞ്ചായത്തുകൾക്ക് ലോകബാങ്ക് സഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) ത്രിതല പഞ്ചായത്തുകൾ വഴി ജനങ്ങൾക്കു ലഭ്യമാകുന്ന സേവനങ്ങൾ ഊർജ്ജിതവും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിക്ക് ലോകബാങ്ക് ധന സഹായത്തിന് അപേക്ഷ സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ)<br>&<br>(ബി) | ത്രിതല പഞ്ചായത്തുകൾ വഴി ജനങ്ങൾക്കു ലഭ്യമാകുന്ന സേവനങ്ങൾ ഊർജ്ജിതവും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് ലോകബാങ്ക് ധന സഹായത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (ബി) ലോകബാങ്ക് ധനസഹായത്തിനുള്ള അപേക്ഷ ഇന്ത്യാ ഗവൺമെന്റ് മുഖേന സമർപ്പിച്ചതെന്നാണ്; | | |
| (സി) ഇപ്രകാരം സംസ്ഥാനത്തിന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | (സി) | എന്നാൽ ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ലോകബാങ്ക് ധനസഹായം (കെ.എൽ.ജി.എസ്.ഡി.പി) ലഭിച്ചിട്ടുണ്ട്.<br>2011-12. 2012-13 കാലയളവിൽ ലോക ബാങ്കിൽ നിന്നും 315 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത് ലോകബാങ്ക് ധനസഹായ മാണോ, വായ്പയാണോ ; | (ഡി) | ഇത് വായ്പയാണ്. |
| (ഇ) | വായ്പയാണെങ്കിൽ തിരിച്ചടവു രീതിയെങ്ങനെയാണ് നിശ്ചയി ച്ചിട്ടുള്ളത് ; | (ഇ) | 2021 സെപ്റ്റംബർ 15 മുതൽ 2031 മാർച്ച് 15 വരെ, കടമെടുത്ത തുകയുടെ 1.25 ശതമാനം വീതം അർദ്ധ വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കണം.<br>2031 സെപ്റ്റംബർ 15 മുതൽ 2046 മാർച്ച് 15 വരെ, കടമെടുത്ത തുകയുടെ 2.5 ശതമാനം വീതം അർദ്ധ വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കണം. |
| (എഫ്) | പ്രസ്തുത തുകയുടെ വിനിയോ ഗത്തിനായി തയ്യാറാക്കിയിട്ടുള്ള രൂപരേഖയെന്ത് ? | (എഫ്) | 01.01.2011-ലെ സർക്കാർ ഉത്തരവ് ആയ ജി.ഒ(എം.എസ്)2/2011/ തസ്വഭവ പ്രകാരം അംഗീകാരം നൽകിയിട്ടുള്ള പ്രോഗ്രാം ഇംപ്ലിമെ ന്റേഷൻ മാന്വൽ ആണ് കെ.എൽ. ജി.എസ്.ഡി.പിയുടെ വിനിയോഗ ത്തിനായി തയ്യാറാക്കിയിട്ടുള്ള രൂപരേഖ. |

(signature)

**സെക്ഷൻ ഓഫീസർ**